Syro Malabar Commission for Liturgy




# നോമ്പ് രണ്ടാം വ്യാഴം - മത്താ 5: 33-37

ദൈവികവസ്തുക്കളെ സാക്ഷിയാക്കി ആണയിടുന്നതിലെ അപകടമാണ് ഈ സുവിശേഷഭാഗത്ത് ഈശോ ചൂണ്ടിക്കാണിക്കുന്നത്. ''ദൈവത്തിന്റെ നാമം വൃഥാ പ്രയോഗിക്കരുത്'' (പുറ 20: 17) എന്ന പ്രമാണംവഴി ദൈവനാമത്തിൽ സത്യം ചെയ്യുന്നതിനെ പഴയനിയമം വിലക്കിയിരിക്കുന്നു. മാത്രമല്ല, ദൈവനാമം നേരിട്ട് ഉപയോഗിക്കുവാനുള്ള ഭയം നിമിത്തവും, യഹൂദർ പലപ്പോഴും ദൈവനാമത്തിനു പകരം സ്വർഗത്തിന്റെയും ഭൂമിയുടെയും നാമത്തിലാണ് ശപഥം ചെയ്തിരുന്നത്. എന്നാൽ, ദൈവത്തെ സൂചിപ്പിക്കുന്ന വസ്തുക്കളായ സ്വർഗം, ഭൂമി, ജറുസലേം എന്നിവയെക്കൊണ്ടും ആണയിടാൻ പാടില്ലായെന്ന് ഈശോ വ്യക്തമാക്കുന്നു. കാരണം ദൈവം സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവാണല്ലോ. സത്യസന്ധത പുലർത്തിയാൽ ആണയിടേതിന്റെ ആവശ്യമില്ലല്ലോ. ഒരുവന്റെ സംസാരത്തിലും പ്രവൃത്തിയും സംശയം തോന്നുമ്പോഴാണല്ലോ ആണയിടേണ്ട സാഹചര്യം സംജാതമാകുന്നത്. അത്തരം സാഹചര്യങ്ങൾ ഒഴിവാക്കുവാനും സത്യത്തോടു തുറവിയും സഹോദരനോട് വിശ്വസ്തതയും പുലർത്തുവാൻ ശ്രമിക്കാം.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്